"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകപ്പ് - - തൃശ്ശൂർ ഡയറ്റിലെ സീനിയർ ലക്ചറർ ശ്രീ.കെ.പ്രമോദിന് എതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എ.ഡി.പി.ഐ (അക്കാഡമിക്)നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

---

സ.ഉ.(സാധാ) നം.4505/2025/GEDN തീയതി,തിരുവനന്തപുരം, 08-07-2025

പരാമർശം:-
1. ശ്രീ.കെ.പ്രമോദിന് നൽകിയ 10/12/2024-ലെ ഡിഎ 1/146/2024/പൊവിവ.നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
2. ശ്രീ.കെ.പ്രമോദ് സമർപ്പിച്ച 01/01/2025-ലെ പ്രതിവാദ പത്രിക.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28/01/2025-ലെ ഡിജിഇ/251/2025-വിഎ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

08/06/2022 ൽ നടന്ന ഡി.എൽ.എഡ് (ജനറൽ) ഒന്നാം സെമസ്റ്റർ പരീക്ഷയുടെ വിദ്യാഭ്യാസ മനഃശാസ്ത്രം സിദ്ധാന്തവും, പ്രയോഗവും" എന്ന വിഷയത്തിന്റെ ചോദ്യപേപ്പർ, നവംബർ 2021 - ൽ നടന്ന ഇതേ വിഷയത്തിന്റെ സപ്ലിമെന്ററി പരീക്ഷയുടെ ചോദ്യപേപ്പർ സാരമായ മാറ്റമില്ലാതെ തയ്യാറാക്കി നൽകിയതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ഡയറ്റിലെ സീനിയർ ലക്ചറർ ശ്രീ.കെ.പ്രമോദിന്റെ ഭാഗത്തുനിന്നും ഗുരുതര വീഴ്ചയുണ്ടായതായി കണ്ടെത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്ത് പരാമർശം (1) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു. ടി കുറ്റപത്രത്തിന്മേൽ ടിയാൾ പരാമർശം (2) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. ടി പ്രതിവാദപത്രികയിന്മേൽ പരാമർശം (3) കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ടി വിഷയത്തിൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തിയ ശേഷം തുടർനടപടി

സ്വീകരിക്കാവുന്നതാണെന്ന് പൊതുവിദ്യാഭ്യസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) കുറ്റപത്രത്തിന്മേൽ ശ്രീ.കെ.പ്രമോദ് സമർപ്പിച്ച പരാമർശം (2) പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) - ലെ ശിപാർശയുടെ അടിസ്ഥാനത്തിലും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും ചട്ടം 15) പ്രകാരമുള്ള അച്ചടക്ക നടപടി തുടരുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (അക്കാഡമിക്) നെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

3. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എ.ഡി.പി.ഐ (അക്കാഡമിക്) (പരാമർശം (1) കുറ്റപത്രം & കുറ്റാരോപണ പത്രിക, പരാമർശം (2) പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡി.എ1/146/2024/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 08-07-2025 12:48:18
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്